# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

## അയ്യൻകാളി തൊഴിലുറപ്പ് പദ്ധതി

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1450** **06-03-2020-ൽ മറുപടിയ്ക്ക്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എം.സ്വരാജ്** | | **ശ്രീ.എ.സി.മൊയ്തീൻ**<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) | |
| (എ) | അയ്യൻകാളി തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ? | (എ) | അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതിയുടെ സുഗമമായ നടത്തിപ്പിനു വേണ്ടി സ.ഉ.(ആർ.റ്റി) നം. 216/2017/ത.സ്വ.ഭ.വ തീയതി 03/11/2017 പ്രകാരം പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. പദ്ധതിയുടെ കീഴിൽ ഓവർസിയർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നീ തസ്തികകളിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്കും ജനപ്രതിനിധികൾക്കും 'കില'യുടെ സഹായത്തോടെ പരിശീലന പരിപാടികൾ നടത്തുകയും കൂടുതൽ കാര്യക്ഷമമാക്കുന്നതിനു വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്തിട്ടുണ്ട്. സ.ഉ(ആർ.റ്റി) നം.54/2019/ത.സ്വ.ഭ.വ തീയതി 25/05/2019 പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ ഭേദഗതി ചെയ്ത് ക്ഷീരകർഷകർക്ക് പദ്ധതിയിൽ തൊഴിൽ ലഭിക്കുന്നതിന് നടപടി സ്വീകരിച്ചു. ആരോഗ്യ ജാഗ്രതയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, നഗരസഭകളിലെ ശുചീകരണ പ്രവർത്തനങ്ങൾ, കേന്ദ്ര-സംസ്ഥാന ഭവന നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയും പദ്ധതി പ്രകാരം ഏറ്റെടുത്ത് നടപ്പിലാക്കി വരികയാണ്.<br>ഹരിതകേരളം മിഷനുമായി സംയോജിച്ച് എല്ലാ നഗരങ്ങളിലും കുറഞ്ഞത് ഒരു പച്ചതുരുത്ത് എന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. അയ്യൻകാളി തൊഴിലുറപ്പ് പദ്ധതിയുടെ ജില്ലാതല, മേഖലാതല, സംസ്ഥാനതല അവലോകനങ്ങൾ സമയബന്ധിതമായി നടത്താൻ നടപടി സ്വീകരിച്ചു. മേൽപറഞ്ഞ പ്രവർത്തനങ്ങളുടെ ഫലമായി, 2016-17 സാമ്പത്തിക വർഷം പദ്ധതിയ്ക്ക് കീഴിൽ മൂന്ന് ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ച സ്ഥാനത്ത്, നടപ്പ് സാമ്പത്തിക വർഷം ജനുവരി മാസം വരെ ഇരുപത് ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിന് സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ